**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2997** **23-3-2015 ൽ മറുപടിയ്ക്ക്**

**നെഹ്റു ജയന്തി സ്മാരക ഭവന നിർമ്മാണ സഹായം**

| ചോദ്യം<br>ശ്രീ. എ.കെ. ബാലൻ | | മറുപടി<br>ശ്രീ. കെ.സി. ജോസഫ്, (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നെഹ്റു ജയന്തി സ്മാരകമായി ഭവന നിർമ്മാണ സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നു മുതലാണ് പദ്ധതി ആരംഭിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | 9-2-2014ലെ സ.ഉ.(സാധാ) നമ്പർ.3258/14/തസ്വഭവ ഉത്തരവ് പ്രകാരം ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണ ധനസഹായം 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ ഉത്തരവായിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ധനസമാഹരണം എങ്ങനെയാണ് ലക്ഷ്യ മിടുന്ന തെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം, നൽകുന്ന ധനസഹായം എന്നിവയും വിശദമാക്കുമോ ; | (ബി) യും (സി) യും | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ തനത് ഫണ്ട് / പ്ലാൻ ഫണ്ടിൽ നിന്ന് തുക നീക്കിവയ്ക്കേണ്ടത്. എല്ലാ വാർഡുകളിലും ഏറ്റവും അർഹരായ ഒരു കുടുംബത്തിന് 2,00,000/- (രണ്ട് ലക്ഷം) രൂപയാണ് ധനസഹായമായി നൽകേണ്ടത്. ആയതിലേയ്ക്കായി നിലവിലുള്ള മാനദണ്ഡ പ്രകാരം ഭവന നിർമ്മാണത്തിനായി വാർഡ് തലത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിലെ സീനിയോറിറ്റി ക്രമപ്രകാരമാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. |
| (സി) | പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാദ്ധ്യതയാകാത്ത രീതിയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ